## പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2015 ജൂൺ മാസം 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായ ക്ഷേമ സമിതി (2009-11)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ (മൺപാത്രനിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള സമുദായങ്ങളുടെ ക്ഷേമം സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2015 ജൂൺ മാസം 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായ ക്ഷേമ സമിതി (2009-11)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ (മൺപാത്രനിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള സമുദായങ്ങളുടെ ക്ഷേമം സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

663/2015.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III : | ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 7 |

# പിന്നോക്കസമുദായ ക്ഷേമ സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## മുഖവുര

പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ജൂൺ 16-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 30.

അദ്ധ്യായം I

# റിപ്പോർട്ട്

മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ സാമൂഹ്യ സാമ്പത്തിക ശോച്യാവസ്ഥയും അവരുടെ കലത്തൊഴിൽ നേരിടുന്ന പ്രതിസന്ധിയും സംബന്ധിച്ച് പിന്നോക്കസമുദായ ക്ഷേമ സമിതി (1998-2000) പഠനം നടത്തുകയും അവരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനും അവരുടെ കലത്തൊഴിൽ സംരക്ഷിക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പത്താം കേരള നിയമസഭയുടെ കാലയളവിൽ സമിതിയുടെ പത്താമത് റിപ്പോർട്ട് 1999-ൽ സഭയിൽ സമർപ്പിച്ചിരുന്നു. തുടർന്ന് ഈ സമുദായത്തിൽ നിന്ന് നിരവധി പരാതികൾ ലഭിച്ചുകൊണ്ടിരുന്നതിനാൽ ഈ പരമ്പരാഗത വ്യവസായം നിലനിർത്തുന്നതിനുള്ള ആശ്വാസ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതിക്ക് ബോധ്യപ്പെടുകയും 12-ാം കേരള നിയമസഭയുടെ കാലയളവിൽ മൺപാത്ര നിർമ്മാണ സമുദായങ്ങളുടെ ക്ഷേമത്തിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സമിതിയുടെ (2009-2011) 5-ാമത് റിപ്പോർട്ട് 15-3-2010-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 9 ശിപാർശകളാണുണ്ടായിരുന്നത്. ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ 26-7-2010-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു.

2. പ്രസ്തുത റിപ്പോർട്ടിലെ 3-ാമത്തെ ശിപാർശയിന്മേൽ (ഖണ്ഡിക 12) കൃഷി വകുപ്പിൽ നിന്നും ലഭിച്ച മറുപടിയും 7, 8, 9 (ഭാഗികം) എന്നീ ശിപാർശകളിന്മേൽ (ഖണ്ഡിക 17, 18, 19) വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച മറുപടികളും 6-6-2012-ൽ ചേർന്ന സമിതിയോഗവും 4-ാമത്തെ ശിപാർശയിന്മേൽ (ഖണ്ഡിക 13) തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും ലഭിച്ച മറുപടി 5-6-2013-ൽ ചേർന്ന സമിതിയോഗവും 2-ാമത്തെ ശിപാർശയിന്മേൽ (ഖണ്ഡിക 11) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി 29-10-2014-ൽ ചേർന്ന സമിതിയോഗവും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ശിപാർശ (2) ഖണ്ഡിക 11 മേൽ സാമൂഹ്യക്ഷേമം, തദ്ദേശസ്വയംഭരണ (പി.എസ്.) വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികൾ 6-6-2012-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരങ്ങൾ ആരായുകയും ചെയ്തു. ടി അധിക വിവരങ്ങൾക്ക് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച മറുപടി 27-12-2013-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും വകുപ്പിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുകയും വീണ്ടും അധിക വിവരങ്ങൾ ആരായുകയും ചെയ്തു. വ്യവസായ (എ) വകുപ്പിൽ നിന്നും പ്രസ്തുത അധിക വിവരത്തിന് മറുപടി ലഭിക്കുകയും 7-1-2015-ൽ ചേർന്ന സമിതി യോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ശിപാർശ 5 (ഖണ്ഡിക 15)-മേൽ

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും ലഭിച്ച മറുപടി 5-6-2013-ലെ യോഗം പരിഗണിക്കുകയും അധികവിവരങ്ങൾ ആരായുകയും ചെയ്തു. എന്നാൽ ടി അധിക വിവര റിപ്പോർട്ട് വകുപ്പിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ശിപാർശ 1,6,9 (ഭാഗികം) (ഖണ്ഡിക 10,16,19) എന്നിവയ്ക്ക് യഥാക്രമം വ്യവസായ (എച്ച്), പിന്നോക്കസമുദായ വികസനം, ടൂറിസം (സി) എന്നീ വകുപ്പുകളിൽ നിന്നും മറുപടി ലഭിക്കാനുണ്ട്.

3. സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികളും ബന്ധപ്പെട്ട ശിപാർശകളും ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിലും സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയുമായ ശിപാർശകൾ മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

4. മൂന്നാം അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്ന ശിപാർശകൾക്കും സമിതി ആവശ്യപ്പെട്ട അധികവിവരത്തിനും സമിതിക്ക് താമസംവിനാ മറുപടി ലഭ്യമാക്കേണ്ടതാണ്.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ 2 (ഖണ്ഡിക 11)

പരമ്പരാഗത മൺപാത്രത്തൊഴിലാളികൾക്ക് കളിമൺ ഖനനാന്തരം അവശേഷിക്കുന്ന കുഴികൾ നികത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് എന്നിവ മുഖേനയോ വിവിധ വികസന കോർപ്പറേഷനുകൾ മുഖേനയോ സബ്സിഡിയോടുകൂടിയ ധനസഹായം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ മറുപടി (തദ്ദേശസ്വയംഭരണ വകുപ്പ്)

പിന്നോക്കസമുദായക്ഷേമ സമിതിയുടെ 5-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 11-ലെ ശിപാർശ പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് കളിമൺ ഖനനാന്തരം അവശേഷിക്കുന്ന കുഴി നികത്തുന്നതിനായി ധനസഹായം നൽകുന്നത് സംബന്ധിച്ചിട്ടുള്ളതാണ്. മേൽ ശിപാർശയിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയിൽ അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയം കൈത്തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗത്തിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പരമ്പരാഗത

കൈത്തൊഴിലുകളായ മുള, ഈറ എന്നിവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺപാത്ര നിർമ്മാണം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള ഒരംഗത്തിന് 5,000 രൂപ നിരക്കിൽ ഗ്രൂപ്പിന് പരമാവധി 25,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നതാണെന്ന വിവരവും സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

(26-6-2013-ലെ 34637/ഡി.എ 3/2011/തസ്വഭവ. നമ്പർ കത്ത്)

<u>സർക്കാർ മറുപടി (സാമൂഹ്യക്ഷേമ വകുപ്പ്)</u>

കളിമൺ ഖനനം ചെയ്തശേഷം അവശേഷിക്കുന്ന കുഴി നികത്തൽ ജോലി നടത്തുവാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് യോജിച്ചത്. സാമൂഹ്യക്ഷേമ വകുപ്പിന് ടി ജോലിക്കായുള്ള പശ്ചാത്തല സൗകര്യം ഇല്ലായെന്ന് അറിയിച്ചുകൊള്ളുന്നു.

(20-5-2011-ലെ 7866/സി3/2010/സാ.ക്ഷേ.വ. നമ്പർ കത്ത്)

<u>സർക്കാർ മറുപടി (തദ്ദേശസ്വയംഭരണ വകുപ്പ്)</u>

ഓട്ട് വ്യവസായത്തിന് ആവശ്യമായ കളിമണ്ണ് എടുത്തതിനുശേഷം മൂടപ്പെടാതെ കിടക്കുന്ന കുഴികൾ നികത്തുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണെങ്കിൽ അത് അവർക്ക് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതായിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകൾ നിറവേറ്റുന്നതിനുപോലും മതിയായ വിഭവം സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിലൂടെ കൈമാറാൻ കഴിയുന്നില്ലെന്നത് വസ്തുതയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റേയോ സംസ്ഥാന നികുതി വരുമാനത്തിന്റേയോ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഓരോ വർഷം കഴിയുംതോറും വിഹിതത്തിൽ കാര്യമായ കുറവുണ്ടാകുന്നതായി കാണാൻ കഴിയും. ഇത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നിരന്തരം പരാതിപ്പെടാറുണ്ട്.

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിക്കുന്ന പരിമിതമായ തനത് വരുമാനം ശമ്പളം, ഹോണറേറിയം തുടങ്ങിയ ഭരണചെലവുകൾക്കും തെരുവ് വിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണം മുതലായ ചുമതലപ്പെട്ട ചിലവുകൾക്കും തികയാറില്ല. സർക്കാർ നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നാണ് ബാക്കി തുക കണ്ടെത്തുന്നത്. ഈ സാഹചര്യത്തിൽ ഖനനാന്തരമുണ്ടാകുന്ന കുഴികൾ നികത്തുന്നതിന് സാമ്പത്തിക സഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടാണെന്ന വസ്തുത ബഹുമാനപ്പെട്ട പിന്നോക്കസമുദായ ക്ഷേമ സമിതിയെ അറിയിക്കുന്നു.

(4-1-2011-ലെ 51068/പി.എസ്1/10/തസ്വഭവ. നമ്പർ കത്ത്)

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

(i) കളിമൺ ഖനനത്തിന് ലൈസൻസ് നൽകുന്നതിനുവേണ്ടി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡെപ്പോസിറ്റ് വാങ്ങുന്നുണ്ടോ; (ii)ഉണ്ടെങ്കിൽ ടി തുക എന്തിനാണ് ഉപയോഗിക്കുന്നത്; (iii) കളിമൺ ഖനനത്തിനുശേഷം അവശേഷിക്കുന്ന കുഴികൾ നികത്തുന്നതിനായി ഈ തുക ചെലവഴിക്കുന്നുണ്ടോ; (iv) ആയതിന്, ഇത് സംബന്ധിച്ച നിയമത്തിൽ എന്തെങ്കിലും വകുപ്പുണ്ടോ; (v) അനധികൃതമായി ഖനനം ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കുന്നതിലൂടെ എത്ര വരുമാനം ഉണ്ടായിട്ടുണ്ട്; (vi) പ്രസ്തുത വരുമാനത്തിൽ നിന്നും കുഴികൾ നികത്തുന്നതിന് എത്ര തുക വിനിയോഗിച്ചിട്ടുണ്ട്?

<u>സർക്കാർ മറുപടി (വ്യവസായ വകുപ്പ്)</u>

ഖനനംമൂലം ഉണ്ടാകുന്ന കുഴികൾ നികത്തുന്നതിനുവേണ്ടി പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ബാങ്ക് ഗ്യാരന്റി വാങ്ങാറുണ്ട്. 1967-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ റൂൾ 5(6) പ്രകാരം വാങ്ങുന്ന ഈ തുക ഖനനം മൂലമുണ്ടാകുന്ന കുഴികൾ ലൈസൻസുടമ നികത്തിയില്ലെങ്കിൽ കുഴികൾ നികത്തുന്നതിന് ഉപയോഗിക്കുന്നു. 2012-13 വർഷത്തിൽ 92,38,663 രൂപ അനധികൃത ഖനനത്തിന് ചുമത്തിയിട്ടുള്ള പിഴയിനത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഈടാക്കിയിട്ടുമുണ്ട്. എന്നാൽ, പിഴയായി ഈടാക്കുന്ന തുക കുഴികൾ നികത്തുന്നതിന് വിനിയോഗിക്കാറില്ല.

(13-9-2013-ലെ 14133/എ 4/2013/വ്യവ. നമ്പർ കത്ത്)

<u>സമിതി വീണ്ടും ആവശ്യപ്പെട്ട അധികവിവരം</u>

27-12-2013-ൽ ചേർന്ന സമിതിയോഗം ഈ മറുപടി പരിഗണിക്കുകയും വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുകയും ഖനനം മൂലമുണ്ടാകുന്ന കുഴികൾ നികത്തുന്നതിനുവേണ്ടി പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച നിരക്ക് എത്രയാണെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വാങ്ങുന്ന ബാങ്ക് ഗ്യാരന്റി എത്രയാണെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുക.

<u>സർക്കാർ മറുപടി (വ്യവസായ വകുപ്പ്)</u>

കളിമൺ ഖനനംമൂലം ഉണ്ടാകുന്ന കുഴികൾ മേൽ മണ്ണിട്ട് നികത്തുന്നതിന് കാലാകാലങ്ങളിൽ പി.ഡബ്ല്യൂ.ഡി.യുടെ മാനദണ്ഡങ്ങളനുസരിച്ച് ഓരോ ജില്ലകളിലും വ്യത്യസ്തമായിട്ടുള്ള നിരക്കാണ് നിലനിൽക്കുന്നത്. തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ബിൽഡിംഗ്സ്) ഓഫീസിൽ നിന്നും ലഭിച്ച 2012-ലെ സ്പെസിഫിക്കേഷൻ അനുസരിച്ച് നിലനിന്നിരുന്ന നിരക്ക് ₹ 457.4/m³. കോട്ടയം ജില്ലയിൽ 2012-ൽ ₹ 408/m³ രൂപയും ആലപ്പുഴ ജില്ലയിൽ ₹ 362.63/m³ ആണെങ്കിലും പ്രസ്തുത റേറ്റിൽ ഈ ജോലി

പൂർത്തിയാക്കാൻ ബുദ്ധിമുട്ടായതിനാൽ ₹ 1283.21/$m^3$ ആണ് ശിപാർശ ചെയ്തിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ 2014-ലെ നിരക്ക് ₹ 480.44/$m^3$ ആണ്. ജില്ലകൾ തോറും കാലാകാലങ്ങളിൽ ടി റേറ്റുകൾക്ക് പൊതുമരാമത്ത് വകുപ്പ് വ്യത്യാസം വരുത്തുന്നുണ്ട്.

പി.ഡബ്ല്യു.ഡി.യിൽ നിന്നും ക്യൂബിക് മീറ്റർ നിരക്കിൽ ലഭിക്കുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ ഖനനാനുമതി കൊടുക്കുന്ന സ്ഥലത്ത് ഖനനശേഷം അവശേഷിക്കുന്ന കുഴിയുടെ വ്യാപ്തവും അതു നികത്തുവാൻ ആവശ്യമായ മണ്ണിന്റെ അളവും കണക്കാക്കിയാണ് ബാങ്ക് ഗ്യാരന്റി എത്ര രൂപയുടേതാണെന്ന് നിശ്ചയിക്കുന്നത്.

പെർമിറ്റ് സമ്പാദിക്കുന്നവർ കുഴികൾ മൂടുന്നത് ഉറപ്പാക്കാനാണ് ബാങ്ക് ഗ്യാരന്റി നിഷ്കർഷിച്ചിരിക്കുന്നത്. കുഴികൾ മൂടുന്നതിൽ വീഴ്ച വരുത്തിയാൽ മാത്രം ടി തുക ഈടാക്കി കുഴികൾ മൂടണം എന്നതാണ് വ്യവസ്ഥ.

(14-11-2014-ലെ 13183/എ 4/2014/വ്യവ. നമ്പർ കത്ത്)

## ശിപാർശ 3 (ഖണ്ഡിക 12)

മൺപാത്ര നിർമ്മാണം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയും സാമ്പത്തിക തകർച്ചയും പരിഗണിച്ച് പരമ്പരാഗത കലത്തൊഴിലായ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ സർക്കാരിന്റെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

കൃഷി വകുപ്പിന്റെ പരിധിയിൽ വരുന്ന കർഷക കടാശ്വാസ പദ്ധതിയിൽ കർഷകരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മൺപാത്ര നിർമ്മാണ തൊഴിലാളികൾ പരമ്പരാഗത കലത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരായതിനാൽ കേരള കർഷക കടാശ്വാസ ആക്ടിന്റെ പരിധിയിൽ വരുന്നില്ലെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(2-12-2011-ലെ 20145/എജി/2011/കൃഷി നമ്പർ കത്ത്)

## ശിപാർശ 4 (ഖണ്ഡിക 13)

മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഉൾപ്പെട്ട കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായവർക്ക് പെൻഷൻ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് അംഗങ്ങളാകുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി

പദ്ധതിയിൽ അംഗങ്ങളായവർക്ക് പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളായി 10 വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കി റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റി പിരിഞ്ഞുപോകുന്നവർക്ക് "കേരള അൺഓർഗനൈസ്ഡ് റിട്ടയർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം-2008" പ്രകാരം തൊഴിൽ വകുപ്പുമുഖേന പെൻഷൻ നൽകി വരുന്നുണ്ട്.

(3-8-2012-ലെ 15752/ബി1/2011/തൊഴിൽ നമ്പർ കത്ത്)

ശിപാർശ 7 (ഖണ്ഡിക 17)

കളിമൺപാത്രങ്ങളുടെയും അലങ്കാര വസ്തുക്കളുടെയും വിപണന സാദ്ധ്യത ഉയർത്തുന്നതിന് ഷോറൂമുകളിൽ പ്രദർശനങ്ങൾ സംഘടിപ്പിക്കുക, പ്രദർശന വിപണന മേളകളിലൂടെ വിറ്റഴിക്കുന്ന മൺപാത്ര ഉൽപ്പന്നങ്ങൾക്ക് കിഴിവ് അനുവദിക്കുക തുടങ്ങിയ സഹായങ്ങൾ കരകൗശല വികസന കോർപ്പറേഷൻ മുഖേന ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

കരകൗശല വികസന കോർപ്പറേഷന്റെ ഷോറൂമുകളിലും കോർപ്പറേഷൻ നടത്തുന്ന പ്രദർശന വിപണന മേളകളിലും കളിമണ്ണുകൊണ്ടുണ്ടാക്കുന്ന അലങ്കാരവസ്തുക്കൾ ഉൾപ്പെടുത്തി വരുന്നു. ഇതിന് കൂടുതൽ പ്രാധാന്യം നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ കോർപ്പറേഷന്റെ എല്ലാ ഷോറൂമുകൾക്കും നൽകിക്കഴിഞ്ഞു. കിഴിവനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(3-12-2011-ലെ 29965/കെ3/10/വ്യവ.നമ്പർ കത്ത്)

ശിപാർശ 8 (ഖണ്ഡിക 18)

മൺപാത്രങ്ങൾ, പൂച്ചട്ടികൾ, കളിമൺ ശില്പങ്ങൾ, അലങ്കാര വസ്തുക്കൾ എന്നിവയുടെ ഗുണമേന്മയും ആകർഷകത്വവും വർദ്ധിപ്പിക്കുന്നതിന് ഈ മേഖലയിൽ കരകൗശല വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

മൺപാത്ര നിർമ്മാണ തൊഴിലുകൾ ഉൾപ്പെടെയുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സങ്കേതങ്ങളിൽ അവരുടെ പൂർണ്ണമായ പങ്കാളിത്തത്തോടെ പ്രാഥമിക ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പിന്നോക്ക വിഭാഗത്തിലെ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾ ഉൾപ്പെടെയുള്ള ആർട്ടിസൻസ് തൊഴിലാളികൾക്ക് ചെറുകിട/കുടിൽ

വ്യവസായ/വ്യാപാര പ്രവർത്തന യൂണിറ്റുകൾ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വടകരയ്ക്കടുത്ത് വൈക്കിലശേരിയിൽ കളിമണ്ണുപയോഗിച്ച് കരകൗശല വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന കുറച്ച് തൊഴിലാളികളെ കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ മൺപാത്ര നിർമ്മാണ സംബന്ധമായ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(3-12-2011-ലെ 29965/കെ3/10/വ്യവ. നമ്പർ കത്ത്)

<u>ശിപാർശ 9 (ഖണ്ഡിക 19)</u>

മൺപാത്രങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രദർശന വിപണന ശാലകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിക്കണമെന്നും സർക്കാരിന്റെ മേൽനോട്ടത്തിൽ ജില്ലകൾ തോറും കരകൗശല മേളകൾ സംഘടിപ്പിക്കണമെന്നും പ്രസ്തുത മേളകളിൽ മൺപാത്രങ്ങളെ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

കരകൗശല വികസന കോർപ്പറേഷന്റെ ഷോറൂമുകളിലും കോർപ്പറേഷൻ നടത്തുന്ന പ്രദർശന വിപണന മേളകളിലും കളിമണ്ണ് കൊണ്ടുണ്ടാക്കുന്ന അലങ്കാര വസ്തുക്കൾ ഉൾപ്പെടുത്തി വരുന്നു.

(3-12-2011-ലെ 29965/കെ3/10/വ്യവ. നമ്പർ കത്ത്)

<u>അദ്ധ്യായം III</u>

## ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും

(ബ്രാക്കറ്റിൽ പരാമർശിച്ചിട്ടുള്ള ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

<u>ശിപാർശ 1 (ഖണ്ഡിക 10)</u>

കളിമണ്ണ് ലഭിക്കുന്നതിനുള്ള വിഷമതകൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും കളിമൺ നിക്ഷേപമുള്ള സ്ഥലങ്ങൾ കണ്ടെത്തി നിലവിലുള്ള പട്ടിക വിപുലപ്പെടുത്തുന്നതിനും ഇപ്രകാരം കളിമൺ നിക്ഷേപമുള്ള സ്ഥലങ്ങൾ പരമ്പരാഗതമായ കലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കളിമൺ ഖനനത്തിന് മുൻഗണനാനുമതി നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 5 (ഖണ്ഡിക 15)

മൺപാത്ര നിർമ്മാണ സമുദായങ്ങൾ ഉൾപ്പെട്ട പിന്നോക്ക വിഭാഗക്കാർക്ക് സംവരണ പുനഃക്രമീകരണം വഴി സർക്കാർ സർവ്വീസിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സാമൂഹ്യ സാമ്പത്തിക സർവ്വേ പൂർത്തീകരിക്കേണ്ടതുള്ളതിനാൽ, സാമൂഹ്യ സാമ്പത്തിക സർവ്വേ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സർവ്വേക്കാവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിന്റെ ഇടക്കാല മറുപടി (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

13-4-2007-ലെ സ.ഉ. (എംഎസ്.) 24/07/എസ്.സി.എസ്.ടി.ഡി.ഡി., 27-7-2007-ലെ സ.ഉ.(എംഎസ്.) 44/07/എസ്.സി.എസ്.ടി.ഡി.ഡി. എന്നീ ഉത്തരവുകൾ പ്രകാരം കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ സ്ഥിതി വിലയിരുത്തുന്നതിനായി സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുന്നതിനായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനിടെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാന സർക്കാരാണ് ടി സർവ്വേ നടത്തേണ്ടത്. സംസ്ഥാന സർക്കാർ നടത്താൻ നിശ്ചയിച്ചിരുന്ന സാമൂഹ്യ-സാമ്പത്തിക സർവ്വേ വഴി സമാഹരിക്കാൻ ഉദ്ദേശിച്ചിരുന്ന വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് വഴി ലഭിക്കുമെങ്കിൽ അനാവശ്യ ചെലവ് ഒഴിവാക്കാൻ കഴിയും. അതിനാൽ, കേന്ദ്ര സെൻസസ് വഴി ആവശ്യമായ വിവരങ്ങൾ ലഭ്യമാകുമോ എന്ന് വ്യക്തമാകുന്നതുവരെ സംസ്ഥാനത്ത് നടത്താൻ നിശ്ചയിച്ചിരുന്ന സാമൂഹ്യ സാമ്പത്തിക സർവ്വേ താൽക്കാലികമായി നിർത്തി വയ്ക്കാൻ സ.ഉ. (എംഎസ്.) നമ്പർ 51/12/SC/STDD പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ സമിതിയുടെ ശിപാർശകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന്/ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് കൂടുതൽ സമയം ആവശ്യമാണ്.

(11-9-2012-ലെ 16333/ബി1/2010/പ്ലാനിംഗ് നമ്പർ കത്ത്)

സമിതി ആവശ്യപ്പെട്ട അധികവിവരം

കേന്ദ്ര സർക്കാർ നടത്തുന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് സംബന്ധിച്ച പ്രൊഫോർമയുടെ പകർപ്പ് സമിതിക്ക് ലഭ്യമാക്കുക;

ശിപാർശ 6 (ഖണ്ഡിക 16)

27-5-2000-ലെ ജി.ഒ. (പി) നമ്പർ 36/2000/എസ്.സി.എസ്.റ്റി.ഡി.ഡി., 26-9-2009-ലെ ജി.ഒ.(പി) നമ്പർ 81/09/എസ്.സി.എസ്.റ്റി.ഡി.ഡി. നമ്പർ ഉത്തരവുകളിലെ

അനുബന്ധം 'ബി' യിൽ ക്രമനമ്പർ അഞ്ച് ആയി ചേർത്തിട്ടുള്ള 'പോട്ടറി മേക്കേഴ്സ്' എന്ന വിഭാഗത്തിൽ വരുന്ന സമുദായങ്ങളുടെ ജാതിപ്പേര് ചേർത്ത് പ്രസ്തുത ഉത്തരവിലെ അവ്യക്തത ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ 9 (ഖണ്ഡിക 19)</u>

മൺപാത്രങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രദർശന വിപണന ശാലകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സർക്കാരിന്റെ മേൽനോട്ടത്തിൽ ജില്ലകൾ തോറും കരകൗശല മേളകൾ സംഘടിപ്പിക്കണമെന്നും പ്രസ്തുത മേളകളിൽ മൺപാത്രങ്ങളെ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 16.